നം.പി.എച്ച്4-42476/2016/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയതി.12/8/2016.

**<u>സർക്കുലർ</u>**

വിഷയം:- ആ.വ.ഡ - സംയോജിത വയറിളക്ക നിയന്ത്രണ പക്ഷാചരണം-(ഐ.ഡി.സി.എഫ് 2016) "ആശ"പ്രവർത്തകർക്ക് പ്രോത്സാഹന തുക നൽകുന്നതിനുളള പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

........

സംയോജിത വയറിളക്ക രോഗ നിയന്ത്രണ പക്ഷാചരണത്തിന്റെ ഭാഗമായി അഞ്ചു വയസ്സിന് താഴെയുളള കുട്ടികൾ ഉളള ഓരോ വീട്ടിലും ഒരു "ആശ" പ്രവർത്തക സന്ദർശിച്ച് പക്ഷാചരണത്തിന്റെ പ്രാധാന്യം, വയറിളക്ക രോഗങ്ങൾ ചികിത്സിക്കപ്പെടേണ്ടതിന്റെ ആവശ്യകത, ഒ.ആർ.എസ് പായ്ക്കറ്റുകളുടെ പ്രസക്തി, അതിന്റെ ഉപയോഗം എന്നിവ സംബന്ധിച്ച് അമ്മമാർക്ക് വ്യക്തമായ അവബോധം നൽകേണ്ടതും, സന്ദർശന സമയത്ത് വീട്ടിൽ വയറിളക്കം ബാധിച്ച കുട്ടി/കുട്ടികൾ ഉളള പക്ഷം അവിടെ നിർബന്ധമായും ഒ.ആർ.എസ്.പായ്ക്കറ്റുകൾ വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ സന്ദർശന വേളയിൽ വയറിളക്കം ബാധിച്ച കുട്ടി/കുട്ടികൾ ഇല്ലെങ്കിലും ആ "ആശ" പ്രവർത്തക വീട് സന്ദർശിച്ച് അമ്മയ്ക്ക് മേല്പറഞ്ഞ രീതിയിൽ അവബോധം നൽകിയതായി ബന്ധപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന് ബോദ്ധ്യപ്പെട്ടാൽ വ്യക്തമായ സന്ദർശക ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ (ഒ.ആർ.എസ്) പായ്ക്കറ്റ് വിതരണം ചെയ്തിട്ടില്ലെങ്കിലും) ഒരു വീടിന് ഒരു രൂപ പ്രകാരം പ്രോത്സാഹന തുകയായി (ഇൻസെന്റീവ്) നൽകാവുന്നതാണ്.

12/8

ആരോഗ്യ വകുപ്പ് ഡയറക്ടർ (ഇൻ-ചാർജ്ജ്)

സ്വീകർത്താവ്: എല്ലാ ഡി.എസ്.ഒ.മാർക്കും

ബിഎസ്

9031657